**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 476** — **16-03-2023 - ൽ മറുപടിയ്ക്ക്**

**ജല ബജറ്റ് തയ്യാറാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ പ്രദേശത്തെയും ജല ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി ജല ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലാണോ ഇത് തയ്യാറാക്കുന്നത്; ഇന്ത്യയിൽ ആദ്യമായി ഇത്തരത്തിൽ ജല ബജറ്റ് തയ്യാറാക്കുന്നത് കേരളത്തിലാണോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | മാതൃകാ ബ്ലോക്കുകളിൽ ജലബജറ്റ് തയ്യാറാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലയിലെയും കുറഞ്ഞത് ഒരു ബ്ലോക്കിൽ വീതം ജലബജറ്റ് തയ്യാറാക്കണമെന്ന് ഹരിതകേരളം മിഷൻ കർമ്മസമിതിയിൽ തീരുമാനമെടുക്കുകയും കേരളത്തിലെ 15 - ബ്ലോക്കുപഞ്ചായത്തുകളിലും അവയുടെ പരിധിയിൽ വരുന്ന 94 ഗ്രാമ പഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകൃതമായിട്ടുള്ള സാങ്കേതിക സമിതികളുടെ സാങ്കേതിക പിന്തുണയോടെയാണ് ഈ പ്രവർത്തനം നടത്തുന്നത്. വിവിധ വകുപ്പുകളിലേയും ഏജൻസികളിലേയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഈ സാങ്കേതിക സമിതികളുടെ കൺവീനർമാർ ജലസേചന വകുപ്പ് എഞ്ചിനിയർമാരാണ്. ഇത്തരത്തിൽ തെരഞ്ഞെടുത്ത ബ്ലോക്കുകളിലെ സാങ്കേതിക സമിതി അംഗങ്ങൾക്ക് ജലബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച പരിശീലനം ഹരിതകേരളം മിഷന്റെയും സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (CWRDM) ന്റെയും നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. ജലബജറ്റ് നടത്തുന്ന മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷരുടെ ഒരു ശിൽപശാല സംഘടിപ്പിച്ച് പ്രവർത്തന പരിപാടി ചർച്ച ചെയ്ത് അന്തിമമാക്കിയിട്ടുണ്ട്. ബ്ലോക്ക് തല സാങ്കേതിക സമിതി യോഗങ്ങളും - ബ്ലോക്ക് കൺവെൻഷനുകളും ഭൂരിഭാഗം സ്ഥലങ്ങളിലും പൂർത്തിയായി കഴിഞ്ഞു. മാർച്ച് 22 ലോക ജലദിനത്തിൽ ജലബജറ്റ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള ഒരു |

| | | | |
|---|---|---|---|
| | | | പ്രവർത്തന പരിപാടിയ്ക്കാണ് രൂപം നൽകിയിട്ടുള്ളത് . ഇത്തരത്തിൽ ഒരു തദ്ദേശ ഭരണ സ്ഥാപന പ്രദേശത്ത് സമഗ്രമായ ഒരു ജലബജറ്റ് ജനകീയമായി തയ്യാറാക്കുന്നത് ഇന്ത്യയിൽ ആദ്യമായാണ്. |
| (ബി) | പ്രദേശത്തെ ജല ലഭ്യത, ഉപയോഗം, ഭൂഗർഭ ജലവിതാനം, ജലത്തിന്റെ ദുരുപയോഗം എന്നിവ സംബന്ധിച്ച പഠനം നടത്തി ജല ബജറ്റിന്റെ ഭാഗമായി പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന ജലബജറ്റ് പ്രവർത്തനത്തിന്റെ ഭാഗമായി ഒരു പ്രദേശത്തെ ജലലഭ്യതയേയും ജല ഉപയോഗത്തേയും താരതമ്യം ചെയ്ത് ഓരോ ചെറു കാലയളവിലും ജലമിച്ചമാണോ ജലകമ്മിയാണോ ഉണ്ടാകുന്നത് എന്നാണ് പരിശോധിക്കുന്നത്. ജലകമ്മി ഉണ്ടാകുന്ന സമയങ്ങളിൽ അതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള തുടർ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനും ലക്ഷ്യമിടുന്നു. ജല മലിനീകരണം,ജല ദുരുപയോഗം , ജലലഭ്യതക്കുറവ് എന്നിവ പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ജലസുരക്ഷാ പ്ലാൻ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ